കമ്മീഷൻ ചെയ്ത വൻകിട ജലസേചന പദ്ധതികൾ

1317. [1787] ശ്രീ. കെ. കൃഷ്ണൻ കുട്ടി :
,, എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കമ്മീഷൻ ചെയ്ത വൻകിട ജലസേചനപദ്ധതികളേതെല്ലാം ;

(ബി) കമ്മിഷൻ ചെയ്ത പദ്ധതികൾ മുഖേന എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനസൗകര്യം ലഭിച്ചു ?

ഉത്തരം

(എ) സംസ്ഥാനത്ത് പൂർണ്ണമായി കമ്മീഷൻ ചെയ്ത വൻകിട ജലസേചന പദ്ധതികൾ താഴെ പറയുന്നവയാണ്.

(1) നെയ്യാർ ജലസേചന പദ്ധതി
(2) മലമ്പുഴ ,,
(3) പീച്ചി ,,
(4) ചാലക്കുടി ,,

(ബി) ഈ പദ്ധതികൾ മുഖേന ജലസേചന സൗകര്യം ലഭിച്ച സ്ഥലത്തിന്റെ വിസ്തീർണ്ണം താഴെ കൊടുക്കുന്നു.

(1)	നെയ്യാർ—8300	ഹെക്ടർ	(നെറ്റ്)
(2)	മലമ്പുഴ—20553	,,	,,
(3)	പീച്ചി —15263	,,	,,
(4)	ചാലക്കുടി—13530	,,	,,
	ആകെ 57646	,,	,,

അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലെ ചെറുകിട ജലസേചന പദ്ധതി

1318. [1788] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗളി, പുതൂർ, ഷോളയൂർ എന്നീ പഞ്ചായത്തുകളിലേക്കായി ചെറുകിട ജലസേചനവകുപ്പ് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതലാണ് ഈ മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പണികൾ ആരംഭിച്ചത് ;

(സി) 30-6-1985 വരെ ഈ മാസ്റ്റർ പ്ലാൻ അനുസരിച്ച് പൂർത്തിയാക്കിയിട്ടുള്ള പദ്ധതികളും അവയ്ക്കു ഓരോന്നിനും ചെലവായ തുകയും ഇനം തിരിച്ച് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഒരു കരടു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(ബി) അട്ടപ്പാടി പ്രദേശത്ത് അടുത്ത കാലത്ത് ഏറ്റെടുത്തിട്ടുള്ള കാസ്-2 പദ്ധതികളിൽ 9 എണ്ണം ഈ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly